LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാളികേര വികസന കോർപ്പറേഷൻ തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂർ, എറണാകുളം ജില്ലയിലെ വൈറ്റില എന്നിവിടങ്ങളിലെ വിൽപന കേന്ദ്രങ്ങൾ മുഖേനയും നീര വിപണനം നടത്തുന്നുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നീരയുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി നാളീകേര വികസന കോർപ്പറേഷന് 90 ലക്ഷം രൂപ നൽകിക്കഴിഞ്ഞു.

(ബി) നീര വിപണനത്തിന്റെ പ്രാരംഭഘട്ടമായി തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ ഒരു വെൻഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് നീരയുടെ വിപണനം നടത്തുന്നതിന് നാളീകേര വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി അനുവദിച്ച 180 ലക്ഷം രൂപയിൽ നാളികേര വികസന കോർപ്പറേഷന് 90 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. നാളികേര വികസന കോർപ്പറേഷന് കീഴിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ നീര ഉൽപ്പാദക സൊസൈറ്റികൾ കർഷകരിൽ നിന്ന് ശേഖരിക്കുന്ന നീര സംസ്കരിച്ച് വിപണയിലെത്തിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നാളികേര വികസന കോർപ്പറേഷന്റെ അധീനതയിൽ ഏലത്തൂരിലും കണ്ണൂരിലെ ആറളം ഫാമിലും നീര പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

നെൽ കർഷകർക്കുള്ള ധനസഹായം

152 (1566) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നെൽ കർഷകർക്കുള്ള ധനസഹായം വർധിപ്പിച്ചിട്ടുണ്ടോ ;

(ബി) ധനസഹായം വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകർക്കുള്ള ധനസഹായം കൃത്യസമയങ്ങളിൽ തന്നെ വിതരണം ചെയ്തുവരുന്നുണ്ട്.